# Deepika
## 12 August 2018
## Pathanamthitta, After Flood, Water Flow Decreased, Pampa & Kaki Dam, Shutters Began to Close



### നീരൊഴുക്കു കുറഞ്ഞു, പമ്പയിലും കക്കിയിലും ഷട്ടറുകൾ അടച്ചുതുടങ്ങി

**പത്തനംതിട്ട:** മഴയ്ക്കു ശമനമുണ്ടായതോടെ ശബരിഗിരി പദ്ധതിയുടെ കക്കി സംഭരണിയിലെ നാല് ഷട്ടറുകളിൽ രണ്ടെണ്ണം ഇന്നലെ അടച്ചു. അണക്കെട്ടിലേക്കുള്ള നീരൊഴുക്കു കുറഞ്ഞതിനാലാണിത്. പമ്പ ജലസംഭരണിയിലെ നാലു ഷട്ടറുകൾ അടച്ചു. രണ്ടു ഷട്ടറുകൾ ഒരടി തുറന്നിട്ടുണ്ട്. ജലനിരപ്പ് പൂർണതോതിലെത്തിയതോടെ കക്കി സംഭരണി വ്യാഴാഴ്ച ഉച്ചയോടെയും പമ്പ സംഭരണി വെള്ളിയാഴ്ച രാവിലെയുമാണു തുറന്നത്.

കക്കിയിൽ 981.03 മീറ്ററും പമ്പയിൽ 985.5 മീറ്ററുമാണ് ഇന്നലെ ജലനിരപ്പ്. കക്കിയുടെ സംഭരണശേഷി 981.46 മീറ്ററും പമ്പയുടേത് 986.33 മീറ്ററുമാണ്. മൂഴിയാറിലെ ജലനിരപ്പ് പരമാവധി സംഭരണശേഷിയായ 195.63 മീറ്ററിൽ എത്തുമ്പോഴെല്ലാം ഷട്ടറുകൾ തുറക്കും. പമ്പ ത്രിവേണിയിലും മണൽപ്പുറത്തും വെള്ളം കയറിയതിനാൽ പമ്പയിൽ ബലിതർപ്പണത്തിന് ഇന്നലെ നിരോധനം ഏർപ്പെടുത്തിയിരുന്നു. സംഭരണികളുടെ വൃഷ്ടിപ്രദേശങ്ങളിൽ വെള്ളിയാഴ്ച രാത്രിയും ശനിയാഴ്ച പുലർച്ചെയും മഴ ലഭിച്ചിരുന്നു. കക്കിയിൽ 155 മില്ലിമീറ്ററും പമ്പയിൽ 37 മില്ലിമീറ്ററും മഴയാണ് ഇന്നലെ രാവിലെ രേഖപ്പെടുത്തിയത്.